**കെ.വി.എ.എസ്.യൂ/എം.സി./പൊതുവായത്/അദ്ധ്യായം - 1.6**

**(45-ാമത് മാനേജ്മെന്റ് കൗൺസിൽ യോഗത്തിന്റെ മിനിറ്റ്സ്, സ്ഥിരീകരണത്തിനായി)**

# കേരള വെറ്ററിനറി & അനിമൽ സയൻസസ് സർവ്വകലാശാല

## 45-ാമത് മാനേജ്മെന്റ് കൗൺസിൽ യോഗത്തിന്റെ മിനിട്സ്

**തീയ്യതി : 09 ജനുവരി 2024, സമയം : ഉച്ചക്ക് 02.15 മണി**

വേദി: പെരിയാർ ഹാൾ, വെറ്ററിനറി & അനിമൽ സയൻസസ് കോളേജ്, പൂക്കോട്, വയനാട്.

(ഫയൽ നമ്പർ: കെ.വി.എ.എസ്.യു./ജി.എ.-ബി1/2147/2023)

**ഹാജരായ അംഗങ്ങൾ:**

1. ഡോ. എം.ആർ. ശശീന്ദ്രനാഥ്, വൈസ് ചാൻസലർ - അദ്ധ്യക്ഷൻ
2. ഡോ. കെ. വിജയകുമാർ, ഫാക്കൽറ്റി ഡീൻ (വെറ്ററിനറി), സി.വി.എ.എസ്., മണ്ണുത്തി.
3. ഡോ. എസ്.എൻ. രാജകുമാർ, ഡീൻ, വി.കെ.ഐ.ഡി.എഫ്.ടി., മണ്ണുത്തി.
4. ഡോ. രാജീവ്. ടി.എസ്., ഡയറക്ടർ (സംരംഭകത്വ വിജ്ഞാന വ്യാപന വിഭാഗം)
5. ഡോ. സാബിൻ ജോർജ്ജ് (തിരഞ്ഞെടുക്കപ്പെട്ട അദ്ധ്യാപക വിഭാഗം പ്രതിനിധി)
6. ഡോ. ലീബ ചാക്കോ (തിരഞ്ഞെടുക്കപ്പെട്ട അദ്ധ്യാപക വിഭാഗം പ്രതിനിധി)
7. ഡോ. സജിത്ത് പുരുഷോത്തമൻ (തിരഞ്ഞെടുക്കപ്പെട്ട അദ്ധ്യാപക വിഭാഗം പ്രതിനിധി)
8. ശ്രീ. രവിചന്ദ്രൻ.യു. (തിരഞ്ഞെടുക്കപ്പെട്ട അനദ്ധ്യാപക വിഭാഗം പ്രതിനിധി)
9. ശ്രീ. ഷൈജു. കെ. ആർ. (തിരഞ്ഞെടുക്കപ്പെട്ട തൊഴിലാളി വിഭാഗം പ്രതിനിധി)
10. ഡോ. കെ. പ്രമോദ് (ബഹു. ചാൻസലർ നാമ നിർദ്ദേശം ചെയ്ത ശാസ്ത്രജ്ഞൻ)
11. ശ്രീ. തോമസ്. കെ.കെ. (ബഹു. ചാൻസലർ നാമ നിർദ്ദേശം ചെയ്ത കർഷകൻ)
12. ഡോ. പി. സുധീർബാബു, രജിസ്ട്രാർ - മെമ്പർ സെക്രട്ടറി

**സാന്നിധ്യം:**

1. ശ്രീ. ഷിബു. എ.ടി., അഡീഷണൽ സെക്രട്ടറി (മൃഗ സംരക്ഷണ വിഭാഗം സെക്രട്ടറി യുടെ പ്രതിനിധി)
2. ശ്രീമതി. ഫെമി വി. മാത്യു, (ഡയറി ഡവലപ്പ്മെന്റ് ഡിപ്പാർട്ട്മെന്റ് ഡയറക്ടറുടെ പ്രതി നിധി)
3. ശ്രീ. ജി. രാജീവ്, ജില്ലാ എംപ്ലോയ്മെന്റ് ഓഫീസർ (എംപ്ലോയ്മെന്റ് ഡയറക്ടറുടെ പ്രതിനിധി)
4. ശ്രീ. ദിനേശൻ. എ.കെ., ഫിനാൻസ് ഓഫീസർ
5. ശ്രീമതി. കോമളവല്ലി., ലോ ഓഫീസർ
6. ശ്രീ. ഷൈജീഷ്. എൻ. വി., ലേബർ ഓഫീസർ
7. ശ്രീ. ബാബുരാജ്. കെ.പി. - ഡയറക്ടർ (ഇൻ-ചാർജ്ജ്), ഇൻഫ്രാസ്ട്രക്ചർ ഡവലപ്പ്മെന്റ് വിഭാഗം)

യോഗം 02.15 മണിക്ക് ആരംഭിച്ചു. അദ്ധ്യക്ഷൻ എല്ലാ അംഗങ്ങളേയും യോഗത്തിലേക്ക് സ്വാഗതം ചെയ്തു. സർവ്വകലാശാലയുടെ സാമ്പത്തിക സ്ഥിതി മെച്ചപ്പെടുത്തുന്നതിനായി വിവിധമായ പരിപാടികൾ സ്വീകരിക്കുന്നുണ്ടെന്നും ആയതിന്റെ ഫലമായി ഏകദേശം 23 കോടിയോളം രൂപ ആഭ്യന്തര വരുമാനം ഉണ്ടാക്കാൻ സാധിച്ചു എന്നും ബഹു. വൈസ് ചാൻസലർ യോഗത്തെ അറിയിച്ചു.

പൂക്കോട് ക്യാമ്പസിനകത്തുണ്ടായ വാഹനാപകടത്തിൽ നിര്യാതനായ MVSc വിദ്യാർത്ഥി ഡോ. സജിൻ മുഹമ്മദ്, വെറ്ററിനറി മൈക്രോ ബയോളജിയിലെ റിട്ടയേഡ് പ്രൊഫസറായ ഡോ. പി.സി ജെയിംസ്, അഗ്രിക്കൾച്ചർ യൂണിവേഴ്സിറ്റി മുൻ ഡയറക്ടറേറ്റ് ഓഫ് എന്റർപ്ര

ണർഷിപ്പ് മേധാവി ഡോ. പി.എസ്. പുഷ്ക്കരൻ, അഗ്രിക്കൾച്ചർ യൂണിവേഴ്സിറ്റിയിലെ റിട്ട യേഡ് സെക്ഷൻ ഓഫീസറായ ശ്രീ. സാംസൺ എന്നിവരുടെ നിര്യാണത്തിൽ യോഗം അനു ശോചനം രേഖപ്പെടുത്തി.

തുടർന്ന് അടുത്ത കാലത്ത് സർവ്വകലാശാലയിലെ അദ്ധ്യാപകർക്കും, വിദ്യാർത്ഥികൾക്കും ലഭിച്ച പ്രധാനപ്പെട്ട അംഗീകാരങ്ങളും സർവ്വകലാശാലയുടെ പ്രവർത്തന നേട്ടങ്ങളും ചെയർ യോഗത്തെ അറിയിച്ചു. ആയത് ചുവടെ കൊടുക്കുന്നു.

- ഹിസ്സാറിലെ ലുവാസിൽ നടന്ന ഐ.എ.വി.പി.എച്ച്.എസ് കോൺഫറെൻസിൽ സർവ്വ കലാശാലാ ഡി.എ.ആർ. കൂടിയായ ഡോ. സി. ലത- യ്ക്ക് ആർ.കെ.അഗർവാൾ ഫുഡ് സേഫ്റ്റി അവാർഡ് ലഭിച്ചു.
- ദേശീയ ബിരുദാനന്തര - ബിരുദ പ്രവേശന പരീക്ഷകളിൽ വെറ്ററിനറി സർവ്വകലാശാ ല വിദ്യാർത്ഥികൾ തിളക്കമാർന്ന വിജയം നേടി. മേൽ പരീക്ഷകളിൽ നിത്യ.പി.എൻ -ന് പി.ജി ഫുഡ് സയൻസ് & ഓപ്പറേഷൻ & മാനേജ്മെന്റിൽ ഒന്നാം റാങ്കും വെറ്ററിനറി അനാട്ടമിയുടെ SRF പരീക്ഷയിൽ ജയലക്ഷ്മി ഒന്നാം റാങ്കും കരസ്ഥമാക്കി.
- Veterinary ക്ലിനിക്കൽ കോൺഫറൻസിൽ സർവ്വകലാശാലാ വിദ്യാർത്ഥികൾ വിവിധ അവാർഡുകൾ നേടി. ആയതിൽ അലൻ വി. സ്റ്റീഫൻ എന്ന വിദ്യാർത്ഥിക്ക് 3 അവാർഡുകൾ ലഭിച്ചു.
- “കേരളീയം” 2023 പരിപാടിയുടെ ഭാഗമായി "Pet foods and Supplements" എന്ന സ്റ്റാൾ പ്രദർശിപ്പിച്ചു.
- കേരള വെറ്ററിനറി സയൻസ് കോൺഗ്രസ് 2024 നവംബർ 17, 18, 19 തീയ്യതികളിൽ പൂ ക്കോടുള്ള സർവ്വകലാശാല ആസ്ഥാനത്ത് വെച്ച് നടത്തുകയുണ്ടായി. ബഹു. പ്രോ-ചാൻസിലറും വകുപ്പ് മന്ത്രിയുമായ ശ്രീമതി. ജെ. ചിഞ്ചുറാണി അവർകളാണ് പ്രോഗ്രാം ഉദ്ഘാടനം ചെയ്തത്.
- 2023 നവംബർ മാസത്തിലെ അവസാന ആഴ്ചയിൽ കേരള വെറ്ററിനറി ആന്റ് ആനിമൽ സയൻസസ് സർവ്വകലാശാലയിലെ മണ്ണൂത്തി വെറ്ററിനറി ക്യാമ്പസിൽ മെറിറ്റ് ദിനം ആ ചരിക്കുകയുണ്ടായി.

ഡയറക്ടർ ഓഫ് എന്റർപ്രണർഷിപ്പിന്റെ നേതൃത്വത്തിൽ നടത്തി വരുന്ന ചുവടെ കൊടു ത്തിരുക്കുന്ന പരിശീലന പരിപാടികളെക്കൂടി സൂചിപ്പിച്ചതിനു ശേഷം അജണ്ടക്കുറിപ്പുകൾ അവതരിപ്പിക്കാൻ ചെയർ രജിസ്ട്രാറെ ക്ഷണിച്ചു.

- BSF ലാർവ ഉപയോഗിച്ച് വീട്ടുമുറ്റത്തെ ബ്രോയിലർ ഫാമിംഗ് സംബന്ധിച്ച് “പ്രതീക്ഷ” എന്ന ട്രെയിനിംഗ് പ്രോഗ്രാം ആഗസ്റ്റ് 4 ന് CASPS മണ്ണൂത്തിയിൽ വെച്ച് നടത്തി.
- Basic training on General Management, Health Care and Tranquilization of Captive Asian Elephants" എന്ന വിഷയത്തിൽ 5 ദിവസത്തെ ട്രെയിനിംഗ് Academic Staff College -ൽ വച്ച് 21/08/2023 മുതൽ 25/08/2023 വരെ നടത്തി.
- ICAR-NAARM മായി സഹകരിച്ച് Career Development Centre - ന്റെ സുസ്ഥിരതയെ കുറിച്ച് നവംബർ 7-ന് CoVAS പൂക്കോട് വെച്ച് ഒരു വർക്ക് ഷോപ്പ് നടത്തി.
- സർവ്വകലാശാലയുടെ പ്രോഗ്രാമായ “പ്രതീക്ഷ” പദ്ധതിയുടെ ഔദ്യോഗിക ഉദ്ഘാടനം സെപ്തംബർ 8-ന് പാണഞ്ചേരി ഗ്രാമ പഞ്ചായത്ത്, പട്ടിക്കാട് വെച്ച് നടന്നു. പരിപാടിയിൽ ബഹു. പ്രോ-ചാൻസിലറും വകുപ്പ് മന്ത്രിയുമായ ശ്രീമതി. ജെ. ചിഞ്ചു റാണി, ബഹു. (റവന്യൂ & ഹൗസിംഗ്) മന്ത്രി കെ.രാജൻ എന്നിവർ പങ്കെടുത്തു.

സർവ്വകലാശാലയുടെ മൾട്ടിമീഡിയ സ്റ്റുഡിയോ ആയ KVASU MIRROR അന്നേ ദിവസം ബഹു. മന്ത്രി ശ്രീമതി. ജെ. ചിഞ്ചുറാണി First Recording നടത്തി ഉദ്ഘാടനം ചെയ്തു.

- 16/10/2023 ന് "World Food Day" വിവിധ പരിപാടികളോടെ ആഘോഷിച്ചു.

തുടർന്ന് രജിസ്ട്രാർ അജണ്ടാക്കുറിപ്പുകൾ അവതരിപ്പിച്ചു.

| | |
|---|---|
| 1.1 | സർവ്വകലാശാലയുടെ നേട്ടങ്ങൾ/ശാസ്ത്രജ്ഞരുടെ ഗവേഷണ നേട്ടങ്ങൾ തുടങ്ങിയവ അവതരിപ്പിക്കാനുണ്ടെങ്കിൽ, ആയത്. |
| **തീരുമാനം** | ഇല്ല. |
| 1.2 | ഇലക്ഷൻ ഏതെങ്കിലും നടത്തുവാനുണ്ടെങ്കിൽ, ആയത്. |
| **തീരുമാനം** | ഇല്ല. |
| 1.3 | ചോദ്യോത്തര വേള.<br>**ശ്രീ. ഷൈജു. കെ.ആർ. ഉന്നയിച്ച ചോദ്യങ്ങൾ:**<br>**ചോദ്യം 1:** പൂക്കോട് ഫാമിലെ സീനിയർ തൊഴിലാളികളെ ഷെഡിലേയ്ക്ക് നിയമിക്കുന്നതിന് സംബന്ധിച്ച് കേസ് നിലനിൽക്കുന്നതായി അറിയാൻ കഴിഞ്ഞു. എന്നാൽ കേസിലെ കക്ഷികളായ തൊഴിലാളികൾ നിലവിൽ ജൂനിയർ തൊഴിലാളികൾ ആണ്. എന്നാൽ ഇവർ കോടതിയിൽ ഉന്നയിച്ച വിഷയം സീനിയോറിറ്റി സംബന്ധമായ വിഷയമായിരുന്നു. ഫൈനൽ സീനിയോറിറ്റിലിസ്റ്റ് ഇപ്പോൾ നിലനിൽക്കുന്നുണ്ട്. എന്നാൽ യൂണിവേഴ്സിറ്റി ഈ വിഷയം കോടതിയിൽ ധരിപ്പിക്കാത്തതിനാൽ കാലതാമസം വരുന്നതായി അറിയാൻ കഴിഞ്ഞു. കോടതിയിലെ സ്റ്റേ വെക്കേറ്റ് ചെയ്യുന്നതിനുള്ള നടപടികൾ എന്താണ് യൂണിവേഴ്സിറ്റി സ്വീകരിക്കാത്തത്?<br>**ഉത്തരം:** മേൽ വിഷയത്തിലുള്ള സ്റ്റേ വെക്കേറ്റ് ചെയ്യാൻ സ്വീകരിക്കേണ്ട തുടർ നടപടികൾ സ്വീകരിക്കുന്നതിനായി സ്റ്റാന്റിംഗ് കൗൺസിലിലേക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.<br><br>**തീരുമാനം:** നൽകിയ ഉത്തരം അംഗീകരിച്ചു. കോടതിയിൽ വക്കീൽ ഹാജരാകാത്ത അവസ്ഥയുണ്ടെന്ന ബഹു. അംഗം ശ്രീ. ഷൈജു. കെ. ആർ- ന്റെ വാദം പരിശോധിക്കാമെന്ന് രജിസ്ട്രാർ അറിയിച്ചു. സർവ്വകലാശാല കൃത്യമായി കോടതിയിൽ ഫോളോ – അപ്പ് നടത്തുമെന്ന് ചെയർ യോഗത്തെ അറിയിച്ചു.<br><br>*നടപടി: രജിസ്ട്രാർ*<br>---------------------------------------- ------------------------ |

**ചോദ്യം 2:** 2017-ലെ കാഷ്വൽ ആയി ജോലിക്കെടുത്ത തൊഴിലാളികളെ സ്ഥിരപ്പെടുത്തുന്നതിനായി 44-മത് മാനേജ്മെന്റ് കൗൺസിൽ യോഗം അംഗീകരിക്കുകയുണ്ടായി. (ആർടി)നം. 30/22/എ.എച്ച്.ഡി നമ്പറിൽ 30-11-22-ൽ ഉത്തരവായിട്ടുണ്ട്. എന്നാൽ ടി. ഉത്തരവിൽ എന്ത് നടപടിയാണ് യൂണിവേഴ്സിറ്റി സ്വീകരിച്ചുവരുന്നത് എന്ന് വ്യക്തമാക്കുമോ?

**ഉത്തരം:** 44-ാമത് മാനേജ്മെന്റ് കൗൺസിൽ യോഗത്തിന്റെ മിനിറ്റ്സ് പരിശോധിച്ചതിൽ നിന്നും 2017-ൽ കാഷ്വൽ തൊഴിലാളികളായി ജോലിക്കെടുത്തവരെ സ്ഥിരപ്പെടുത്താനുള്ള തീരുമാനം കാണുന്നില്ല. 30/11/22- തീയതിയിലെ ഉത്തരവ് പ്രകാരം സർവകലാശാലയിൽ 118 തസ്തികകൾ അനുവദിക്കുന്നതിനായി വിശദമായ പ്രൊപ്പോസൽ സർക്കാരിൽ സമർപ്പിച്ചിട്ടുണ്ട്. പ്രൊപ്പോസലിന്മേൽ സർക്കാർ അനുമതി ലഭിക്കുന്നതിലേക്കായി ഇടപെടൽ നടത്തുന്നതിനായി ഭരണ സമിതി അംഗങ്ങളായ ബഹു. എം എൽ എ -മാർക്ക് വിശദവിവരങ്ങൾ ഉൾപ്പെടുത്തി കത്ത് നൽകിയിട്ടുണ്ട്.

**തീരുമാനം:** നൽകിയ ഉത്തരം അംഗീകരിച്ചു. തൊഴിലാളികളെ സ്ഥിരപ്പെടുത്തുന്നതുമായി ബന്ധപ്പെട്ട വിഷയത്തിൽ 83-ാമത് ഭരണസമിതിയുടെ തീരുമാനത്തിന് എതിരായി തൊഴിലാളികൾ ഹൈക്കോടതിയെ സമീപിച്ചിട്ടുണ്ടെന്നും ആയത് 84-ാമത് ഭരണസമിതി യോഗത്തിൽ സമർപ്പിച്ചപ്പോൾ മുൻപുള്ള ഭരണസമിതി തീരുമാനം കോടതിയെ അറിയിക്കുന്നതിന് തീരുമാനിച്ചു എന്നും രജിസ്ട്രാർ സഭയെ അറിയിച്ചു.

*നടപടി: രജിസ്ട്രാർ*

===========================================================================

## Questions Raised by Dr. PRAMOD. K

### Qtn No. 3 :

The sub section 41 under the powers and functions of KVASU act has the following provision

*"To establish companies under Companies Act, 1956 (Central Act I of 1956) for developing and propagating Veterinary and Animal Sciences related to research products and services beneficial, to the development of the sector"*

KVASU have many production and sales units like feed mills, Dairy plant, Meat technology unit, sales counters, Karshakamithra Medical Shops etc which is producing and selling many products. Most of the production units are working under

RF guidelines where in the government norms has to be followed strictly which may affect the production and sales of the products.

More over the intellectual property owned by the University can be sold under some guidelines.

Hence, whether the Management Council decides to make a committee to decide on

1) General conditions for establishing a company
2) Framing rules for such a company

**Answer:** 1956 ലെ കമ്പനി ആക്ട് പ്രകാരമുള്ള നിയമങ്ങളും, ചട്ടങ്ങളും സർവ്വകലാശാല ഇതുവരെയും നിർമ്മിച്ചിട്ടില്ല. ആക്ടിൽ പറഞ്ഞ പ്രകാരം സർവ്വകലാശാലയിൽ പുതിയ നിയമങ്ങളും ചട്ടങ്ങളും നിർമ്മിച്ച് കമ്പനികൾ തുടങ്ങുന്നത് സർവ്വകലാശാലയ്ക്ക് ഗുണകരമാണ്.

**തീരുമാനം:** നൽകിയ ഉത്തരം അംഗീകരിച്ചു. ബഹു അംഗങ്ങളായ ഡോ. പ്രമോദ്. കെ, ഡോ. സാബിൻ ജോർജ്ജ്, ഡോ. സജിത്ത് പുരുഷോത്തമൻ, ഡോ. ടി. എസ്. രാജീവ് എന്നിവരെയും ഡോ. വി. വാസുദേവൻ, ഡയറി പ്ലാന്റിലെ ഒരംഗം എന്നിവരെയും ഉൾപ്പെടുത്തി ഒരു കമ്മിറ്റി രൂപീകരിക്കുന്നതിന് തീരുമാനിച്ചു. ചോദ്യത്തിൽ ഉന്നയിച്ചിരിക്കുന്ന 2 കാര്യങ്ങളുടെ ഒപ്പം കമ്പനിയുടെ Cost benefit analysis – ഉം ചർച്ച ചെയ്യുന്നതിന് കമ്മിറ്റിയോട് സഭ നിർദ്ദേശിച്ചു.

*നടപടി: രജിസ്ട്രാർ/ ഡി.ഇ.*

---

**Qtn No. 4:**

The clause number 161 of KVASU statutes gives a provision for adopting five day week in KVASU. The UGC regulations 2018 also says that five day week can be adopted in higher education intuitions. Every teacher in KVASU have the mandate of doing duties under teaching, research and extension portfolios. The teachers have to perform so many administrative duties also during the working hours. Teachers used to submit research proposals to funding agencies which also requires continuous personal involvement. Five week will ensure the faculties to be present in the campus for 7 hours every working day and also gives a free day on Saturday which can be utilized for teaching preparations or to formulate research projects. All universities under Higher education departments in Kerala has adopted 5 day week and recently KUFOS also adopted 5 day week. TANUVAS also adopted 5 day week since a long time.

Hence, whether the Management Council decide to make a committee to study the pros and cons of adopting 5 day week pattern in KVASU?

**Answer:** വിഷയം സർവകലാശാല IQAC പരിശോധിച്ച് ഉചിതമായ ശുപാർശ സഹിതം അക്കാദമിക് കൗൺസിൽ പരിഗണിക്കുന്നതിനായി സമർപ്പിക്കേണ്ടതുണ്ട്.

| | |
|---|---|
| | അക്കാദമിക് കൗൺസിൽ ശുപാർശ ഭരണ സമിതി പരിഗണിച്ച ശേഷം അഭിപ്രായത്തോട് കൂടി മാനേജ്മെൻറ് കൗൺസിലിൽ തീരുമാനമെടുക്കുന്നതായിരിക്കും കൂടുതൽ ഉചിതമാകുന്നത്.<br>**തീരുമാനം:** നൽകിയ ഉത്തരം അംഗീകരിച്ചു.<br><br>*നടപടി: ഡി. എ. ആർ. /രജിസ്ട്രാർ*<br>================================================ ============ |
| 1.4 | അടിയന്തിര പ്രമേയം ഉണ്ടെങ്കിൽ, ആയത്.<br>**ശ്രീ. ഷൈജു. കെ. ആർ ഉന്നയിച്ച പ്രമേയം:**<br>1. ക്ലാസ്സ് III തസ്തികയുടെ റാങ്ക് ലിസ്റ്റിന്റെ കാലാവധി ഒരു വർഷം ആക്കുക.<br>2. യൂണിവേഴ്സിറ്റിയിലെ പല സ്റ്റേഷനുകളിലും ഫാമിലെ ഉദ്യോഗസ്ഥർ തൊഴിലാളികളോട് ചെയ്യുന്ന ദ്രോഹങ്ങൾ അവസാനിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുക.<br>3. പൂക്കോട് സ്റ്റേഷനിലെ സീനിയർ തൊഴിലാളികളെ ഷെഡ്ഡുകളിലേയ്ക്ക് നിയോഗിക്കുന്നതിലെയ്ക്ക് കോടതി കേസ് നിലനിൽക്കുന്നത് കൊണ്ട് സാധ്യമല്ലയെന്നാണ് ഫാമിലെ ഉദ്യോഗസ്ഥർ അറിയിച്ചത്. എന്നാൽ ഫാമിലെ ഉദ്യോഗസ്ഥർക്ക് വേണ്ടപ്പെട്ട തൊഴിലാളികളെ [ജൂനിയർ തൊഴിലാളികളെ] ഫാമിലെ ഷെഡ്ഡുകളിലെയ്ക്ക് നിയോഗിക്കുമ്പോൾ നിലവിൽ കോടതിയിൽ ഉള്ള കേസ് ബാധകമല്ലാത്തത് എന്തുകൊണ്ട്.<br>**തീരുമാനം:**<br>1. റാങ്ക് ലിസ്റ്റിന്റെ കാലാവധി കുറക്കേണ്ടതില്ലെന്ന് തീരുമാനിച്ചു.<br>2. അത്തരത്തിലുള്ള പ്രശ്നങ്ങൾ ഉണ്ടെങ്കിൽ ഫാമുകളിലെ ഉദ്യോഗസ്ഥർക്കും തൊഴിലാളികൾക്കും കൗൺസലിംഗ് നടത്താമെന്ന് ചെയർ യോഗത്തെ അറിയിച്ചു.<br>3. സംഘടനകളുമായി ഈ വിഷയത്തിൽ ലേബർ ഓഫീസർ നടത്തിയ ചർച്ചയുടെ അടിസ്ഥാനത്തിലുള്ള റിപ്പോർട്ട് രജിസ്ട്രാർക്ക് സമർപ്പിച്ചിട്ടുണ്ടെന്നും ആയതിന്റെ അടിസ്ഥാനത്തിൽ മേൽ വിഷയത്തിൽ നടപടികൾ സ്വീകരിക്കാമെന്നും രജിസ്ട്രാർ സഭയെ അറിയിച്ചു.<br>4. |

| | |
|---|---|
| | *നടപടി: രജിസ്ട്രാർ* |
| 1.5 | നിർദ്ദിഷ്ട പട്ടികയിൽ മാറ്റമുളള വിഷയങ്ങൾ ഉണ്ടെങ്കിൽ, ആയത്. |
| **തീരുമാനം** | ഇല്ല. |
| 1.6 | മുൻ യോഗങ്ങളുടെ നടപടി കുറിപ്പുകളുടെ സ്ഥിരീകരിക്കൽ & ആക്ഷൻ ടേക്കൻ റിപ്പോർട്ട്, ഉണ്ടെങ്കിൽ, ആയത്. |
| **തീരുമാനം** | (1). സർവ്വകലാശാലയിലെ സ്റ്റുഡന്റ്സ് യൂണിയൻ പ്രവർത്തനത്തിനാവശ്യമായ ഫണ്ട് മുൻകൂറായി നൽകുന്നത് സംബന്ധിച്ച് ഡി.എ.ആർ. വിഭാഗത്തിൽ നിന്നും 44-ാമത് യോഗത്തിൽ സമർപ്പിച്ച് അംഗീകാരം നല്കിയ വിഷയം മിനിറ്റ്സ് തയാറാക്കിയപ്പോൾ വിട്ടു പോയത് ഉൾപ്പെടുത്തിക്കൊണ്ട് 44-ാമത് യോഗത്തിന്റെ മിനിറ്റ്സ് സ്ഥിരീകരിച്ചു.<br>*നടപടി: ഡായറക്ടർ (അക്കാദമിക്സ് & റിസർച്ച്)*<br><br>(2). 19-05-2023-ൽ ചേർന്ന പ്രത്യേക മാനേജ്മെന്റ് കൗൺസിൽ യോഗത്തിന്റെ മിനിറ്റ്സ് സ്ഥിരീകരിച്ചു. |
| 1.7 | മാനേജ്മെന്റ് കൗൺസിൽ തീരുമാന പ്രകാരം ബോർഡ് ഓഫ് മാനേജ്മെന്റ് സമർപ്പിക്കുന്ന റിപ്പോർട്ട്, ഉണ്ടെങ്കിൽ ആയത്. |
| **തീരുമാനം** | ഇല്ല. |
| 1.8 | ബോർഡ് ഓഫ് മാനേജ്മെന്റും വൈസ് ചാൻസലറും നിർദ്ദേശിക്കുന്ന വിഷയങ്ങൾ, ഉണ്ടെങ്കിൽ, ആയത്. |
| **തീരുമാനം** | 84-ാമത് യോഗത്തിലെ ചുവടെ വിഷയങ്ങൾ ചർച്ചയ്ക്ക് വെച്ചു. |

| **ഇനം നം** | **വിഷയം** | **തീരുമാനം** |
|---|---|---|
| 2.2 | ഡി.എ.ആർ. - അക്കാദമിക്സ് - യൂണിവേഴ്സിറ്റിയിൽ നിന്നും കുറഞ്ഞ ഫീസിൽ നൽകി വരുന്ന സെർട്ടിഫിക്കറ്റുകളുടെ ഫീസ് വർധിപ്പിക്കുന്നതും, തപാൽ ചാർജ് ഈടാക്കുന്നതും സംബന്ധിച്ച്. | ഭരണസമിതിയുടെ ശുപാർശയോടെ അംഗീകരിച്ചു.<br>*നടപടി: ഡി. എ. ആർ.* |
| 2.3 | DAR - Approval of Score Card for appointment of Assistant Professors in the University - Reg. | Approved the recommendations of the Board of Management with the dissenting note of the Hon'ble member Dr. Sabin George in the decision of the board of management to |

| | | | |
|---|---|---|---|
| | | | remove the cut off marks prescribed in the proposal.<br><br>*Action: DAR/Registrar* |
| | 2.4 | DAR - Modification in the proforma of Career Advancement Scheme (CAS) and Annual Self-Appraisal report for teachers - Minimum Standards Assessment Cell (MSAC) for promotion/selection of faculty-Reg. | Approved the recommendations of the Board of Management.<br><br>*Action: DAR/Registrar* |
| | 2.5 | DAR - Submitting modifications/ additions to be incorporated in the Chapter XXI (Faculties), Clause no. 379 (Faculty of Dairy Science and Technology) of the KVASU First Statutes, 2014 – Formation of New teaching-cum-research departments in the Food Technology stream and subjects of study under each of them to be placed for approval by the competent authorities of the University – Reg. | Approved the recommendations of the Board of Management.<br><br>*Action: DAR/Registrar* |
| | 2.6 | DAR - Faculty of Poultry Sciences-Establishment of new departments/removing any existing departments – Reg. | Approved the recommendations of the Board of Management.<br><br>*Action: DAR/Registrar* |
| | 2.7 | DAR - Proposal for recommending the name of departments in the Faculty of Veterinary and Animal Sciences as that is given in the statute of Kerala Veterinary and Animal Sciences University - Submitted- Reg. | Approved the recommendations of the Board of Management.<br><br>*Action: DAR/Registrar* |
| | 2.9 | DAR - Qualifications of Assistant Professors in the "To- be- formed" departments under Food Technology Stream-Reg. | Approved the recommendations of the Board of Management.<br><br>*Action: DAR/Registrar* |
| | 3.13 | പൊതുഭരണം/എ6 - അധ്യാപക തസ്തികകളിലേക്ക് നിയമനം നടത്തുന്നതുമായി ബന്ധപ്പെട്ട | ഭരണസമിതിയുടെ ശുപാർശയോടെ അംഗീകരിച്ചു. |

| | | | |
|---|---|---|---|
| | | സർക്കാർ നിർദ്ദേശങ്ങൾക്കനുസൃതമായി സ്റ്റാറ്റ്യൂട്ട് ഭേദഗതി ചെയ്യുന്നത് – സംബന്ധിച്ച്. | *നടപടി: രജിസ്ട്രാർ* |
| | 3.17 | GA/A6 - Restructuring of Teaching posts at KVASU - Proposal for distribution of posts in different subject and sanction for notifying vacancies - Reg. | Approved the recommendations of the Board of Management.<br><br>*Action: Registrar* |
| | 3.18 | GA/A6 - Recruitment to the vacant posts of Assistant Professors for the Colleges under the Faculty Veterinary Sciences - Proposal for distribution of posts in different subjects and sanction for notifying vacancies - Reg. | Approved the recommendations of the Board of Management.<br><br>*Action: Registrar* |
| | 3.19 | GA/A6 - Recruitment to the newly sanctioned posts of Assistant Professors for the Colleges under Dairy Faculty- - Proposal for distribution of posts in different subjects and sanction for notifying vacancies- Reg. | Approved the recommendations of the Board of Management.<br><br>*Action: Registrar* |
| | 3.20 | പൊതുഭരണം/എ6 - അസിസ്റ്റന്റ് പ്രൊഫസർ ഒഴിവുകളിലെ നിയമനം നടത്തുന്നതിലേയ്ക്ക് സർവ്വകലാശാല ഒറ്റ യൂണിറ്റായി കണക്കാക്കിയുള്ള സാമുദായിക സംവരണ ക്രമം - വകുപ്പ് തിരിച്ച് ഒഴുവുകൾ സംവരണ ക്രമം പാലിച്ച് നിശ്ചയിക്കുന്നത് – സംബന്ധിച്ച്. | ഭരണസമിതിയുടെ ശുപാർശയോടെ അംഗീകരിച്ചു.<br><br>*നടപടി: രജിസ്ട്രാർ* |

| | |
|---|---|
| 2.1 | DAR - Academic Programme – Approval of the results - Reg. |
| **തീരുമാനം** | അംഗീകരിച്ചു. |
| 2.2 | പ്രവർത്തന റിപ്പോർട്ട് - ഡി.എ.ആർ. |
| **തീരുമാനം** | ശ്രദ്ധിച്ചു. |
| 2.3 | പ്രവർത്തന റിപ്പോർട്ട് - സി.വി.&എ.എസ്. മണ്ണുത്തി. |
| **തീരുമാനം** | ശ്രദ്ധിച്ചു. |
| 2.4 | പ്രവർത്തന റിപ്പോർട്ട് - സി.വി.&എ.എസ്. പൂക്കോട് |
| **തീരുമാനം** | ശ്രദ്ധിച്ചു. |

| | |
|---|---|
| 2.5 | പ്രവർത്തന റിപ്പോർട്ട് - വി.കെ.ഐ.ഡി.എഫ്.ടി. മണ്ണുത്തി. |
| **തീരുമാനം** | ശ്രദ്ധിച്ചു. |
| 3.1 | പൊതുഭരണം/എ3 - കാർഷിക സർവ്വകലാശാലയിൽ നിന്ന് ഓപ്ഷൻ വഴി വെറ്ററിനറി സർവ്വകലാശാല സേവനത്തിൽ പ്രവേശിച്ചവരുടെ തസ്തിക / ശമ്പള സ്കെയിൽ സംരക്ഷണം ഓഡിറ്റ് തടസ്സം ഒഴിവാക്കുന്നത് - സംബന്ധിച്ച് . |
| **തീരുമാനം** | 1 & 2 അംഗീകരിച്ചു.<br><br>*നടപടി: രജിസ്ട്രാർ* |
| 3.2 | പൊതുഭരണം/സി3 - സർവ്വകലാശാല സ്റ്റാറ്റ്യൂട്ട് പ്രകാരമുള്ള അച്ചടക്ക നടപടി ചട്ടങ്ങൾ സർവ്വകലാശാലയിലെ ഫാം തൊഴിലാളികൾക്കും ബാധകമാക്കുന്നതുമായി-ബന്ധപ്പെട്ട്. |
| **തീരുമാനം** | സർവ്വകലാശാല നിയമ വിഭാഗം, തൊഴിലാളികൾക്ക് ബാധകമാക്കാവുന്ന അച്ചടക്ക നടപടികൾ സംബന്ധിച്ച ചട്ടങ്ങളുടെ കരട് തയ്യാറാക്കി ആയത് മുൻകൂറായി നല്കിയ ശേഷം തൊഴിലാളി സംഘടനകളുമായി ചർച്ച നടത്തി റിപ്പോർട്ട് തയ്യാറാക്കി ആയത് ഭരണസമിതിയിലേക്കും മാനേജ്മെന്റ് കൗൺസിലിലേക്കും സമർപ്പിക്കാൻ നിർദ്ദേശിച്ചു.<br><br>*നടപടി: രജിസ്ട്രാർ* |
| 3.3 | പൊതുഭരണം - തൊഴിലാളി വിഭാഗം - ഫാം തൊഴിലാളികളുടെ സേവന വേതന വ്യവസ്ഥകൾ പരിഷ്കരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നത് – സംബന്ധിച്ച്. |
| **തീരുമാനം** | ഭരണസമിതിയുടെ ശുപാർശയോടെ അംഗീകരിച്ചു.<br><br>*നടപടി: രജിസ്ട്രാർ* |
| 3.4 | പൊതുഭരണം/എ2 - ഭരണവിഭാഗം ഗസറ്റഡ് ഓഫീസർമാർക്ക് ന്യൂമെറിക്കൽ ഗ്രേഡിംഗ് സമ്പ്രദായം അടിസ്ഥാനമാക്കിയുള്ള പെർഫോമൻസ് അപ്രൈസൽ സിസ്റ്റം ബാധകമാക്കുന്നത് – സംബന്ധിച്ച്. |
| **തീരുമാനം** | അംഗീകരിച്ചു.<br><br>*നടപടി: രജിസ്ട്രാർ* |
| 3.5 | പൊതുഭരണം/എ2 - അസിസ്റ്റന്റ് രജിസ്ട്രാർ തസ്തികയിലേക്ക് ഉദ്യോഗക്കയറ്റം അനുവദിക്കുന്നത് – സംബന്ധിച്ച്. |

| | |
|---|---|
| **തീരുമാനം** | അംഗീകരിച്ചു.<br><br>*നടപടി: രജിസ്ട്രാർ* |
| 3.6 | പ്രവർത്തന റിപ്പോർട്ട് - പൊതുഭരണ വിഭാഗം |
| **തീരുമാനം** | ശ്രദ്ധിച്ചു. |
| **4.1** | DE - Distance Learning Programme Approval of Final Result notification – Reg. |
| **തീരുമാനം** | അംഗീകരിച്ചു.<br><br>*നടപടി: ഡി.ഇ.* |
| 4.2 | പ്രവർത്തന റിപ്പോർട്ട് - സംരംകത്വ വിഭാഗം |
| **തീരുമാനം** | ശ്രദ്ധിച്ചു. |
| 5.2 | പ്രവർത്തന റിപ്പോർട്ട് - ഐ.ഡി. വിംഗ് |
| **തീരുമാനം** | ശ്രദ്ധിച്ചു. |
| 6.1 | ധനകാര്യ വിഭാഗം – 2023 - 24 സാമ്പത്തിക വർഷത്തെ റിവൈസ്ഡ് ബജറ്റ് എസ്റ്റിമേറ്റ് – അംഗീകരിക്കുന്നത് – സംബന്ധിച്ച്. |
| **തീരുമാനം** | അംഗീകരിച്ചു.<br><br>നടപടി: ഫിനാൻസ് ഓഫീസർ |
| 6.2 | പ്രവർത്തന റിപ്പോർട്ട് – ധനകാര്യ വിഭാഗം |
| **തീരുമാനം** | ശ്രദ്ധിച്ചു. |
| 7 | അനൗദ്യോഗിക പ്രമേയങ്ങൾ<br><br>**ശ്രീ. ഷൈജു. കെ.ആർ. ഉന്നയിച്ച പ്രമേയങ്ങൾ:** |

| | |
|---|---|
| | **പ്രമേയം 1:** കേരള അഗ്രികൾച്ചർ യൂണിവേഴ്സിറ്റിയിൽ നിന്നും KVASU വിഭജിച്ചപ്പോൾ മണ്ണുത്തി വെറ്ററിനറി കോളേജിലേക്ക് 18 പുരുഷ സ്ഥിരം തൊഴിലാളികളുടെയും 10 സ്ത്രീ സ്ഥിരം തൊഴിലാളികളുടെയും (ആകെ: 28) തസ്തിക അനുവദിച്ച് നൽകിയിരുന്നു. 2017ൽ കാഷ്വൽ തൊഴിലാളികളെ സ്ഥിരപ്പെടുത്തിയപ്പോൾ CVAS മണ്ണുത്തിയിൽ നിന്നും 20 സ്ഥിരം തൊഴിലാളി തസ്തികകൾ ILFC പൂക്കോടിലേക്ക് താൽക്കാലികമായി ട്രാൻസ്ഫർ ചെയ്തത് നാളിതുവരെയായും തിരികെ നൽകാതിരുന്നതിനാൽ CVAS മണ്ണുത്തിയിൽ 8 സ്ഥിരം തൊഴിലാളികളുടെ തസ്തികയാണ് ഇപ്പോൾ ഉള്ളത്. ഇതിൽ 6 സ്ഥിരം തൊഴിലാളികൾ AI സെന്റർ, SABS എന്നീ സ്റ്റേഷനുകളിലാണ് ജോലി ചെയ്യുന്നതിനാലും 2 സ്ഥിരം തൊഴിലാളി തസ്തികകൾ ഒഴിഞ്ഞു കിടക്കുന്നതിനാൽ ടി. തസ്തികയിലേക്ക് അടിയന്തരമായി സ്ഥിരം തൊഴിലാളികളെ ആവശ്യപ്പെട്ടുകൊണ്ട് ബഹു: രജിസ്ട്രാർക്ക് ബഹു: കോളേജ് ഡീൻ 18/3/2023 തിയതിയിൽ നമ്പർ: CVAS/MTY/E1/2370/2017<br><br>എന്നീ കത്തുകൾ നൽകിയിട്ടും നാളിതുവരെ തൊഴിലാളികളെ ടി. ഒഴിവിലേക്ക് അനുവദിച്ച് നൽകിയിട്ടില്ലാത്തതാണ്.<br><br>തൊഴിലാളികളുടെ കുറവ് മൂലം കോളേജ് പരിസരവും ഗ്രൗണ്ടും വളരെ മോശം അവസ്ഥയിലാണ് ഇപ്പോൾ ഉള്ളത്. നിരവധി ട്രെയിനിംഗുകൾ നടക്കുന്നതിനാലും ഗ്രൗണ്ടും പരിസരവും വൃത്തിയാക്കുന്നതിനും വിദ്യാർത്ഥികൾക്ക് പഠിക്കുന്നതിന് പ്രൊഫസർമാരുടെ നിർദ്ദേശപ്രകാരം മൃഗങ്ങളെ കൈകാര്യം ചെയ്യുന്നതിനും വിവിധ പ്രദർശന പരിപാടികളിൽ യൂണിവേഴ്സിറ്റിയുടെ സ്റ്റാളുകളിൽ നിൽക്കുന്നതിനും പരിചയസമ്പന്നരായ ആളുകൾ വേണമെന്നതിനാൽ അടിയന്തരമായി സീനിയോറിറ്റിയുടെ അടിസ്ഥാനത്തിൽ സീനിയറായ സ്ഥിരം തൊഴിലാളികളെ CVAS മണ്ണുത്തിയിലേക്ക് നിയമിക്കുവാൻ ഈ മാനേജ്മെന്റ് കൗൺസിൽ യോഗം തീരുമാനിക്കുന്നു. |
| | **റിമാർക്ക്സ്/നോട്സ്:** മണ്ണുത്തി വെറ്ററിനറി കോളേജിൽ തൊഴിലാളികളെ അനുവദിക്കുന്നത് സംബന്ധിച്ച് പരിശോധിച്ച് റിപ്പോർട്ട് സമർപ്പിക്കാൻ |

ഡയറക്ടർ ഓഫ് ഫാംസിനു നിർദ്ദേശം നൽകിയിട്ടുണ്ട് .വിഷയത്തിൽ ഡയറക്ടർ ഓഫ് ഫാംസ് തുടർനടപടികൾ സ്വീകരിച്ചു വരുന്നുണ്ട്.

**തീരുമാനം:** പ്രമേയം നിരസിച്ചു.

നടപടി: രജിസ്ട്രാർ.

-------------------------------------------- --------------------------------

പ്രമേയം 2: തിരുവാഴാംകുന്ന് ഫാമിലെ കാഷ്വൽ തൊഴിലാളികളെ ARS/LRS ഫാമിലെ തൊഴിലാളികളെയും ഒറ്റ പൂൾ ആക്കുന്നതിനു വേണ്ടി യോഗം തീരുമാനിക്കുന്നു.

**റിമാർക്ക്സ്/നോട്സ്:** 21/08/23- തീയ്യതിയിൽ ഫാം തൊഴിലാളികളുടെ വിവിധ വിഷയങ്ങൾ സംബന്ധിച്ച് രജിസ്ട്രാർ വിളിച്ചു ചേർത്ത യോഗത്തിൽ എ ആർ എസ്, എൽ ആർ എസ് ഫാമുകൾ ഒറ്റ പൂളാക്കുന്നതു സംബന്ധിച്ച് വിഷയം പരിഗണയിൽ വന്നിരുന്നു. ഈ വിഷയത്തിൽ ബന്ധപ്പെട്ട ഫാം മേധാവികളേയും, ഡയറക്ടർ ഓഫ് ഫാംസിനെയും ഉൾപ്പെടുത്തി ചർച്ച നടത്തി തീരുമാനം എടുക്കുന്നതാണ്.

**തീരുമാനം:** മേൽ അഭിപ്രായ പ്രകടനം അനുസരിച്ചുള്ള നടപടികൾ സ്വീകരിക്കാൻ നിർദ്ദേശിച്ചു.

നടപടി: രജിസ്ട്രാർ.

-------------------------------------------- --------------------------------

പ്രമേയം 3: 2019-ലെ പുതുക്കിയ ശമ്പള പരിഷ്കരണ കുടിശിക ഇതുവരെ നൽകിയിട്ടില്ല. എന്നാൽ തൊട്ടടുത്ത സർവ്വകലാശാലയായ കാർഷിക സർവ്വകലാശാലയിൽ ആദ്യ ഗഡു 11-10-2023-ന് നൽകികഴിഞ്ഞു. ആയതിനാൽ വെറ്ററിനറി സർവ്വകലാശാലയിൽ ഈ മാസം തന്നെ നൽകുന്നതിനുവേണ്ടി യോഗം തീരുമാനിക്കുന്നു.

കാർഷിക സർവ്വകലാശാലയുടെ ഉത്തരവിന്റെ കോപ്പി ഇതിനോടൊപ്പം വെക്കുന്നു.

**റിമാർക്ക്സ്/നോട്സ്:** സർവകലാശാലയിലെ തൊഴിലാളികളുടെ ശമ്പളം പരിഷ്കരിച്ചതിന്റെ കുടിശ്ശിക ഇനത്തിൽ 5,55,25,698/- കോടി രൂപ (അഞ്ചു കോടി

അൻപത്തി അഞ്ചു ലക്ഷത്തി ഇരുപത്തി അയ്യായിരത്തി അറുനൂറ്റി തൊണ്ണൂറ്റി എട്ടു രൂപ മാത്രം) നൽകേണ്ടതുണ്ട്. അതിൽ 3.09 കോടി രൂപ പണമായും 2.46 കോടി രൂപ ജീവനക്കാരുടെ പ്രോവിഡന്റ് ഫണ്ട് അക്കൗണ്ടിൽ നിക്ഷേപിക്കുന്നതിനും വേണ്ടി വരുന്നതാണ്. സർവകലാശാലയുടെ നിലവിലെ സാമ്പത്തിക സ്ഥിതി മേൽപ്പറഞ്ഞ തുക വിതരണം ചെയ്യുന്നതിന് പര്യാപ്തമല്ല. തൊഴിലാളികൾക്ക് പുറമെ സർവകലാശാലയിലെ അദ്ധ്യാപകർ, ജീവനക്കാർ എന്നീ വിഭാഗങ്ങളിലുള്ളവർക്കും ശമ്പള പരിഷ്കരണ കുടിശ്ശിക നൽകിയിട്ടില്ല. എല്ലാ വിഭാഗത്തിൽപ്പെട്ടവർക്കും കൂടി കുടിശ്ശിക നൽകുന്നതിന് ഏകദേശം 35,45,92,174/- രൂപ ആവശ്യമാണ്. ആയത് സർവകലാശാലയ്ക്ക് അധികധനസഹായമായി അനുവദിക്കണമെന്ന് സർക്കാരിനോട് അഭ്യർത്ഥിച്ചിട്ടുണ്ട്. സർവകലാശാലയിൽ ശമ്പളവും പെൻഷനും വിതരണം ചെയ്യുന്നതിന് മാത്രമായി പ്രതിമാസം 10 കോടി രൂപ ആവശ്യമാണ്. നിലവിൽ സർവകലാശാലയ്ക്ക് ലഭിക്കുന്ന പ്രതിമാസ ഗ്രാന്റ് 7.86 കോടി രൂപ മാത്രമാണ്.

ആയതിനാൽ സർക്കാരിൽ നിന്നും അധിക ധനസഹായം ലഭ്യമാകുന്ന മുറയ്ക്കോ സർവകലാശാലയുടെ ധനസ്ഥിതി മെച്ചപ്പെടുന്ന മുറയ്ക്കോ മാത്രമേ തൊഴിലാളികളുടെ പേ-റിവിഷൻ അരിയർ നല്കുവാൻ സാധിക്കുകയുള്ളു എന്നറിയിക്കുന്നു.

**തീരുമാനം:** ഫണ്ടിന്റെ ലഭ്യത അനുസരിച്ച് കുടിശ്ശിക നല്കുന്നതിന് സഭ അംഗീകാരം നൽകി.

നടപടി: ഫിനാൻസ് ഓഫീസർ.

==================================== ========================== ==

രജിസ്ട്രാർ, അദ്ധ്യക്ഷനും മറ്റു അംഗങ്ങൾക്കും കൃതജ്ഞത പ്രകാശിപ്പിക്കുകയും യോഗം 03.30 മണിക്ക് അവസാനിക്കുകയും ചെയ്തു.

**(ഒപ്പ്)**
**രജിസ്ട്രാർ**
**(മെമ്പർ സെക്രട്ടറി)**

**(ഒപ്പ്)**
**വൈസ് ചാൻസലർ**
**(അദ്ധ്യക്ഷൻ)**
*(24-01-2024 തീയതിയിൽ അംഗീകരിച്ചു.)*

**//True Copy//**

**SECTION OFFICER - GA/B Section**